കൊച്ചിൻ റിഫൈനറിയിൽ 621 മെഗാവാട്ട് ശേഷിയുള്ള പവർ പ്ലാന്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയ എൻവയോൺമെന്റൽ പബ്ലിക് ഹിയറിംഗിൽ മുൻകാലങ്ങളിൽ സ്ഥലമെടുത്തപ്പോൾ കയറിയും ഇറങ്ങിയുമുള്ള രീതിയിൽ എടുത്തതിനെപ്പറ്റിയും പരാതി വന്നു. പബ്ലിക് ഹിയറിംഗ് സമിതി പരിഗണിക്കുകയും ഈ പ്രാവശ്യം 150 ഏക്കർ സ്ഥലം ഫാക്ടറി വികസനത്തിന് എടുക്കുന്നതോടൊപ്പം സമീപവാസികളുടെ അസൗകര്യം ഒഴിവാക്കാൻ ഇരുപത്തിരണ്ടര ഏക്കർ സ്ഥലംകൂടി എടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത ശുപാർശ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം അംഗീകരിക്കുകയും അത് നടപ്പിലാക്കാൻ കമ്പനിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ കൊച്ചിൻ റിഫൈനറിയുടെ ശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി കൂടുതൽ സ്ഥലം ഏറ്റെടുക്കണമെന്ന് ഇതുസംബന്ധിച്ച് നടന്ന എൻവയോൺമെന്റൽ പബ്ലിക് ഹിയറിംഗിൽ സ്ഥലവാസികളുടേതായ ആവശ്യം ഉന്നയിച്ചിരുന്നു. കമ്പനിക്ക് അതിനോട് ആഭിമുഖ്യമില്ലായിരുന്നു. ഇതുസംബന്ധിച്ച വാദ മുഖങ്ങൾ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

(10) അംഗൻവാടി ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയുടെ ഭാഗമായി അമ്മയുടെയും കുട്ടിയുടേയും ആരോഗ്യ സംരക്ഷണം പ്രധാനലക്ഷ്യമായി കണ്ടുകൊണ്ട് ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കുട്ടികളുടെയും പ്രതിരോധ കുത്തിവെയ്പും പോഷകാഹാര വിതരണവും നൽകുകയെന്ന പ്രവർത്തനം നടത്തികൊണ്ടിരിക്കുന്ന 40,000 ത്തോളം അംഗൻവാടി ജീവനക്കാരുടെ ജീവിതപ്രശ്നവും ആവശ്യവുമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഈ പ്രവർത്തനം മാത്രമല്ല അവർ നടത്തുന്നത്. ഗവൺമെന്റ് നിശ്ചയിക്കുന്ന മറ്റ് ഏത് സർവേ പ്രവർത്തനങ്ങളും അംഗൻവാടി ജീവനക്കാർ തന്നെയാണ് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ നടത്തുന്നത്. കേന്ദ്രഗവൺമെന്റാണ് ഇതിൽ ഒരു പാട് കാര്യങ്ങൾ ചെയ്യേണ്ടതെങ്കിൽ പോലും സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് അവരുടെ ആവശ്യങ്ങൾ പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അവർക്ക് ഓണറേറിയം എന്ന പേരിൽ ലഭിച്ചുകൊണ്ടിരിക്കുന്ന തുക വർക്കർമാർക്ക് 700-750 രൂപയാണ്. ഹെൽപ്പർമാർക്ക് 460 രൂപയാണ്. അതുതന്നെ ശ്രീ. ദേവഗൗഡ പ്രധാനമന്ത്രിയായിരുന്നപ്പോൾ വർക്കർമാർക്ക് കിട്ടിക്കൊണ്ടിരുന്ന വരുമാനത്തിന്റെ 25% വർദ്ധനവും ഹെൽപ്പർമാർക്ക് 30% വർദ്ധനവും നൽകിയതിന്റെ ഭാഗമായിട്ടാണ്. അതോടൊപ്പം തന്നെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 100 രൂപയുടെ വർദ്ധനവ് ബഡ്ജറ്റിൽ കൂടി തന്നെ അവർക്ക് അനുവദിച്ചതിന്റെ ഫലമായിട്ടാണ് ഈ തുകയിൽ എത്തിയിരിക്കുന്നത്. ഈ തുച്ഛമായ വേതനത്തിൽ വർദ്ധനവ് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് 1200 രൂപയും 900 രൂപയുമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് വർക്കർമാർക്ക് 5 വർഷത്തിലൊരിക്കലാണ് 25 രൂപ നൽകുന്നത്. അത് ആനുവൽ ഇൻക്രിമെന്റായിട്ട് നൽകുന്നതിനുവേണ്ടി തീരുമാനമെടുക്കണം. അത് വർക്കർമാർക്കും ഹെൽപ്പർമാർക്കും ബാധകമാക്കണം. ഹെൽപ്പർമാരുടെ സർവ്വീസ് ഇന്നുവരെ അനുവദിച്ചിട്ടില്ല. ജനകീയാസൂത്രണത്തിൽ പങ്കാളികളാകുന്ന വർക്കർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

100 രൂപ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് ഹെൽപ്പർമാർക്ക് ബാധകമല്ല. വർക്കർമാർ ഇല്ലാത്ത സാഹചര്യത്തിൽ ആ പ്രവർത്തനംകൂടി ഏറ്റെടുത്തു നടത്തുന്ന ഹെൽപ്പർമാർക്കും ആ തുക ബാധകമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതോടൊപ്പം സൂപ്പർവൈസർമാരായി അംഗൻവാടി ജീവനക്കാരിൽ നിന്നും 25% പ്രത്യേക അനുപാതത്തിൽ പ്രമോഷൻ നൽകി നിയമിക്കാൻ തീരുമാനമുണ്ട്. പക്ഷെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും അവരെ നിയമിക്കാൻ കഴിയുന്നില്ല. ഇപ്പോഴും കരാർ അടിസ്ഥാനത്തിൽ അവിഹിതമായി കയറിപ്പറ്റിയവർ തന്നെയാണ് സൂപ്പർവൈസർമാരായി തുടരുന്നതെന്നുള്ളത് ഗൗരവമായിട്ട് എടുക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് 50 ഗ്രാം അരിയും 15 ഗ്രാം പയറുമാണ് പല സെന്ററുകളിലും നൽകുന്നത്. അത് 100 ഗ്രാം അരിയും 20 ഗ്രാം പയറുമായിട്ട് നൽകണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിൽ ഇപ്പോഴും ചോർന്നൊലിക്കുന്ന കെട്ടിടങ്ങളിലാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. അത് ഗൗരവമായിട്ടെടുക്കണം. മാതൃഭാഷയിലുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസം അംഗൻവാടിയിലൂടെ നൽകണമെന്നുള്ള നിർദ്ദേശം കൂടി മുന്നോട്ടു വയ്ക്കുന്നു. 21-ാം തീയതി ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രോജക്ട് ആഫീസിനു മുന്നിൽ അംഗൻവാടി ജീവനക്കാർ സമരം നടത്തുകയാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഐ.സി.ഡി.എസ്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അംഗൻവാടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. അംഗൻവാടി ജീവനക്കാർക്ക് താഴെപ്പറയുന്നനിരക്കിൽ ഇപ്പോൾ വേതനം ലഭിക്കുന്നു. അത് മെമ്പർ പറഞ്ഞതുപോലെ വർക്കർമാർക്ക് 700-750 രൂപയാണ്, മെട്രിക്കുലേഷൻ കഴിഞ്ഞ് 10 വർഷം പൂർത്തിയാക്കിയവർക്കാണ് 763 രൂപ കിട്ടുന്നത്. ഹെൽപ്പർമാർക്ക് 460 രൂപയും. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് 2 പ്രാവശ്യമായി 200 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. അടുത്തകാലത്ത് പ്ലാനിംഗ് ബോർഡ് പഞ്ചായത്ത്തല പ്രവർത്തനങ്ങളുമായിട്ട് ബന്ധപ്പെടുന്ന അംഗൻവാടി ടീച്ചർമാർക്കാണ് 100 രൂപ പഞ്ചായത്തുവഴി അനുവദിച്ചിട്ടുള്ളത്. ഹെൽപ്പർമാർക്കും മറ്റ് ആളുകൾക്കും അവരുടെ സെന്ററുകളിൽ കൊടുക്കുന്നുണ്ടെങ്കിലും അക്കാര്യം അംഗീകരിച്ച് അതവർക്ക് കൊടുക്കാൻ പ്ലാനിംഗ് ബോർഡ് സന്നദ്ധമായിട്ടില്ല. ഇക്കാര്യം ഞങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പക്ഷെ അത് ചെയ്യാൻ കഴിഞ്ഞിട്ടില്ല. കൂടാതെ അവർക്ക് 20 ദിവസം കാഷ്വൽ അവധിയും മൂന്നുമാസം വീതം രണ്ട് പ്രാവശ്യം പ്രസവാവധിയും മൂന്നുവർഷം വരെ ഓണറേറിയമില്ലാത്ത അവധിയും അനുവദിച്ചിട്ടുണ്ട്. അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. സമാശ്വാസ തൊഴിൽദാന പദ്ധതിയും അവർക്ക് ബാധകമാക്കിട്ടുണ്ട്. ഇതിനു പുറമേ അവർക്ക് ഉൽസവബത്ത, ഓണത്തിന് ബോണസ്, യാത്രാബത്ത എന്നിവ നൽകുന്നു. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ മൊത്തം ഒഴിവിൽ 25% യോഗ്യതയുള്ള അംഗൻവാടി വർക്കർമാരിൽ നിന്നും നേരിട്ട് നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. അംഗൻവാടി ജീവനക്കാർ സന്നദ്ധ വർക്കർമാരാകയാൽ അവർക്ക് വർദ്ധിച്ച നിരക്കിൽ വേതനവും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നൽകാൻ കേന്ദ്രഗവൺമെന്റ് ഇതുവരെ സമ്മതിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിന് സമ്മർദ്ദം ചെലുത്തികൊണ്ടിരിക്കുകയാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള അംഗൻവാടികൾ 18756 ആണ്. കേന്ദ്രാനുമതി ലഭിച്ച് ലോകബാങ്കിന്റെ സഹായമൊക്കെ കിട്ടുമ്പോൾ 6800 പുതിയ അംഗൻവാടികൾ ആരംഭിക്കും. അവർക്ക് 100 രൂപ വീതം പ്രതിമാസം ഓണറേറിയം വർദ്ധിപ്പിച്ച് നൽകാൻ പ്രതിമാസം 6,10,94,400 രൂപ വേണ്ടി വരും. സർ, അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ വർദ്ധനവ് വരുത്തണമെന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ധനകാര്യ വകുപ്പുമന്ത്രി അത് അനുഭാവപൂർവ്വം പര്യാലോചിക്കാമെന്നാണ് ഉറപ്പു നൽകിയിട്ടുള്ളത്.

(11) ബാംബൂ കോർപ്പറേഷനിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്നും സ്റ്റാഫിന്റെ ശമ്പളപരിഷ്ക്കരണം നടപ്പാക്കണമെന്നുമുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ വ്യാപകമായി ആയിരക്കണക്കിന് തൊഴിലാളികൾ ഈ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്നുണ്ട്. ഈറ്റ വെട്ടുന്ന, പനമ്പ് നെയ്യുന്ന, പനമ്പ് ഉണക്കികിട്ടുന്ന തൊഴിലാളികളുടെ വേതന പരിഷ്ക്കരണത്തിന്റെ കാലാവധി തീർന്നിട്ടില്ല. പക്ഷേ കാലാവധി തീരുന്നതിനു മുൻപാണ് മുൻകാലങ്ങളിൽ കൂലി വർദ്ധിപ്പിച്ചിട്ടുള്ളത്. അവരുടെ ജീവിതം വളരെ വിഷമത്തിലാണ്. അതുകൊണ്ട് അവരുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പംതന്നെ ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ജീവനക്കാർ 19-ാം തീയതി മുതൽ അനിശ്ചിത കാല പണിമുടക്കുസമരത്തിലേയ്ക്ക് നീങ്ങുകയാണ്. എല്ലാ ട്രേഡ് യൂണിയനുകളുടേയും നേതൃത്വത്തിലുള്ള സമരമാണ് അന്നുമുതൽ നടക്കുന്നത്. അതിനു കാരണം 1-7-97 മുതലാണ് അവരുടെ ശമ്പള പരിഷ്കരണമുണ്ടാക്കേണ്ടത്. ഗവൺമെന്റിന്റെ ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതോടുകൂടിതന്നെയാണ് ഈ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണവും നടപ്പാക്കുന്നത്. തുല്യമായ രീതിയിലാണ് നാളിതുവരെ ചെയ്തിട്ടുള്ളത്. ഇത്തവണ ബാംബൂ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡും അനുകൂലമായ തീരുമാനം എടുത്തിട്ടുണ്ട്. പക്ഷേ ഗവൺമെന്റിൽ നിന്നും അനുകൂലമായ തീരുമാനം വന്നിട്ടില്ല. 1-7-97 മുതൽ അവരുടെ ശമ്പള പരിഷ്ക്കരണം ഗവൺമെന്റിന്റെ ശമ്പള പരിഷ്ക്കരണത്തിനു തുല്യമായി പതിവുപോലെ നടപ്പാക്കണം. അതുപോലെതന്നെ ഫാക്ടറി തൊഴിലാളികളുടേയും ശമ്പളപരിഷ്ക്കരണത്തിന് കാലാവധി കഴിഞ്ഞു. അവരുടെ കാര്യങ്ങൾ ചർച്ച ചെയ്ത് എത്രയുംവേഗം പരിഹാരമുണ്ടാക്കണം. ഏതായാലും 19-ാം തീയതി മുതൽ ഈ ജീവനക്കാരുടെ പണിമുടക്ക് സമരം നടക്കുന്നത് അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇത് ഒരു ലക്ഷത്തോളം വരുന്ന ഈറ്റ തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയാണ്. വളരെ ചെറിയ വേതനമാണ് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 15 രൂപയുടെ വർദ്ധനവുണ്ടായി. എന്നിട്ടുപോലും 35 രൂപ മാത്രമാണ് കൊടുക്കാൻ കഴിയുന്നത്. ഈ കോർപ്പറേഷന് ഇക്കൊല്ലം 35 ലക്ഷം രൂപയുടെ ലാഭമുണ്ട്. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly